

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി 9-1741/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 06/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി 9-1741/23 തീയ്യതി: 06/12/2023

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-02-2023 മുതൽ 19-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രാം മനോഹർ.വി.കെ.	ഡെപ്യൂട്ടി ഡയറക്ടർ	20-10-2023	31-10-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-10-2023	31-10-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ, ഓഡിറ്റ് ഓഫീസർ
രമാദേവി.കെ.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശബ്ലാദാസ്.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
മോഹനൻ.കെ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.കെ.പി.മുഹമ്മദ് സലീം	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.സുരേഷ്ബാബു.പി	സെക്രട്ടറി	01-04-2022	01-10-2022
ശ്രീ.ആഷിഫ്.പി.	സെക്രട്ടറി	02-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുരേഷ്.കെ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	14-10-2022
ശ്രീ.പ്രശാന്ത്കുമാർ.എൻ.	അസിസ്റ്റന്റ് സെക്രട്ടറി	15-10-2022	31-03-2023
ഡോ.നടാഷ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2022	31-03-2023
ശ്രീ.അബ്ദുൾ ഗഫൂർ	വി.ഇ.ഒ	01-04-2022	26-10-2022
ശ്രീമതി.ആഷ എം.ആർ.	വി.ഇ.ഒ	27-10-2022	31-03-2023
ശ്രീമതി.മേരി മാനസ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2022	04-01-2023
ശ്രീമതി.ദീപ ഫ്രാൻസിസ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	05-01-2023	31-03-2023
ശ്രീ.രാധാകൃഷ്ണൻ	ഹെഡ് മാസ്റ്റർ	01-04-2022	31-03-2023
ശ്രീ.സാഞ്ജോ.പി.സി.	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2022	26-05-2022
ശ്രീമതി.ജമീല.പി.എം.	അസിസ്റ്റന്റ് എഞ്ചിനിയർ	27-05-2022	04-08-2022
ശ്രീ.സജീൽ, എസ്.രാജ്	അസിസ്റ്റന്റ് എഞ്ചിനിയർ	05-08-2022	31-03-2023
ശ്രീ.അനീഷ് നാരായണൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ഡോ.അനിൽകുമാർ.വി.ടി.	വെറ്ററിനറി സർജൻ	01-04-2022	17-08-2022

ഡോ.സയീദ് അബൂബക്കർ സിദ്ദീക്ക്	വെറ്ററിനറി സർജൻ	18-08-2022	14-10-2022
ഡോ.അതുല്യ	വെറ്ററിനറി സർജൻ	15-10-2022	31-03-2023
ശ്രീമതി.അർച്ചന മുരളി	കൃഷി ഓഫീസർ	01-04-2022	15-12-2022
ശ്രീമതി.അശ്വതി.പി.	കൃഷി ഓഫീസർ	16-12-2022	31-03-2023
ഡോ.ലീ മോഹൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2022	10-05-2022
ഡോ.ഷാനവാസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	11-05-2022	31-05-2022
ഡോ.സിമ്മി.പി.എൻ.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-06-2022	31-03-2023
ഡോ.ശ്രീരാജ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല	1-1-1
3	വാർഷിക കണക്കിലെയും രജിസ്റ്ററിലെയും നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല	1-1-2
4	നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല	1-1-3
5	ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-4
6	റീകൺസിലിയേഷൻ നടത്തുന്നില്ല	1-1-5
7	യഥാസമയം ഡിമാന്റ് ചേർക്കുന്നില്ല	1-1-6
8	ക്യാഷ് ഫ്ളോ സ്റ്റേറ്റ്മന്റ്	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമ പദ്ധതികൾ	1-7
15	ക്യാഷ് ബാലൻസ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
18	തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല	1-11
19	തൊഴിൽ നികുതി - അവലോകനം	1-12
20	വസ്തു നികുതി പരിഷ്കരണം -അവലോകനം	1-13
21	വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു	1-14
22	നികുതിയേതര വരുമാനം - അവലോകനം	1-15
23	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു	1-16
24	പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം- ക്യാരി ബാഗ് നല്കൽ -ജി. എസ്.ടി കുറവ് ചെയ്യാതെ ബിൽ തുക അനുവദിച്ചു	1-17
25	കെ. എസ്. ഇ.ബി യ്ക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-18
26	സംയുക്ത പ്രോജക്റ്റിനായി തുക നല്കിയത്	1-19
27	പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക അടവാക്കിയത്- തുടർനടപടികൾ അറിയിക്കേണ്ടതാണ്	1-20
28	ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്	1-21
29	ജി. എസ്.ടി ഈടാക്കിയതിൽ അപാകം	1-22

30	എസ് സി വൃദ്ധർക്ക് കട്ടിൽ - യോഗ്യതയില്ലാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നല്കി	1-23
31	കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ്- കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-24
32	ഭിന്നശേഷിക്കാർക്ക് ബങ്ക് നൽകൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകങ്ങൾ	1-25
33	മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്- പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-26
34	വീട് വാസയോഗ്യമാക്കൽ - അർഹതാ മാനദണ്ഡങ്ങൾ പാലിച്ചില്ല	1-27
35	ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്	1-28
36	പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് സ്ഥാപിക്കൽ- നിർവ്വഹണത്തിലെ അപാകങ്ങൾ	1-29
37	രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നു	1-30
38	ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കുന്നില്ല	1-31
39	അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്	1-32
40	പ്രവർത്തി പൂർത്തീകരണം സമയം ദീർഘിപ്പിച്ചു നൽകൽ- പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല	1-33
41	തൊഴിലുറപ്പ് പദ്ധതി - അവലോകനം	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-4
5	വായ്പാ/വായ്പാ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ	4-11
അനുബന്ധം		

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	വരവ് ചെലവ് പത്രിക സംക്ഷിപ്തം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26-7-2023 ലെ 1(1) തീരുമാനപ്രകാരം 10-8-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 31, 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-3-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക

ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും
ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പാലക്കാട്,
06-12-2023.

1-1-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല

2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട
അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ
ലഭ്യമായില്ല. [ചട്ടം 62(ഇ.എഫ്)]

1-1-2 വാർഷിക കണക്കിലെയും രജിസ്റ്ററിലെയും നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള Advance To Implementing Officers നീക്കിയിരിപ്പും
വാർഷിക കണക്കിലെ ഇതേ ശീർഷകത്തിലെ നീക്കിയിരിപ്പും
പൊരുത്തപ്പെടുന്നില്ല.

1-1-3 നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

CFC യുടെ RP 40(B)-ലെ നീക്കിയിരിപ്പ് തുക B-4 ലെ നീക്കിയിരിപ്പുമായ്
പൊരുത്തപ്പെടുന്നില്ല, 36692 രൂപ വ്യത്യാസം.

1-1-4 ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1-1-5 റീകൺസിലിയേഷൻ നടത്തുന്നില്ല

MGNREGS ക്യാഷ് ബുക്കിൽ മാസാന്ത്യ വർഷാന്ത്യ റീകൺസിലിയേഷൻ
നടത്തിയിട്ടില്ല.

1-1-6 യഥാസമയം ഡിമാന്റ് ചേർക്കുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാവസാനം മാത്രമാണ്
ഡിമാന്റ് ചേർത്തിരിക്കുന്നത്.ഉദാ- വസ്തു നികതിയുടെ ഡിമാന്റ് 31-3-23നാണ്
ചേർത്തിരിക്കുന്നത്.

1-1-7 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മന്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In
Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11295338 രൂപയാണ്
എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By
Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 573853
രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ
രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച
സ്റ്റേറ്റ്മന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യത് 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാനവൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായ് വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധത് നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാനവൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.
26-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ 20ം നമ്പർ തീരുമാന പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.
15-03-2023 ലെ തീരുമാനം നം.1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.
ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	70,53,785
തൻവർഷം വരവ്	285,476,000
ആകെ വരവ്	292,529,785
ചെലവ്	288,607,000
നീക്കിയിരിപ്പ്	3,922,785

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	11940178
വരവ്	54739563
ആകെ	66679741
ചെലവ്	43444225
നീക്കിയിരിപ്പ്	23235516

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സ് ആയതുക
വികസനഫണ്ട് -ജനറൽ	0	17978380	17978380	17019807	958573
വികസനഫണ്ട് - എസ്.സി.പി	0	7840000	7840000	7736011	103989
മെയിന്റനൻസ് ഗ്രാന്റ് റോഡ്	0	24521000	24521000	10380678	14140322

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	4730000	4730000	4113327	616673
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-സ്പിൽ ഓവർ	0	1438201	1438201	1438201	0
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied)-Bank	4292550	5639000	9931550	3266392	6665158
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Health & Wellness)	0	162165	162165	0	162165
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Infrastructure PHC)	0	296833	296833	0	296833
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied)-Bank	860426	3985784	4846210	2764289	2081921

2. തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	9466	787924	797390	793875	3515
എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം	0	23352039	23352039	23352039	0
ആകെ	9466	24139963	24149429	24145914	3515

കേന്ദ്രാവിഷ്കൃതം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയി

					റിപ്പ്/ ലാപ്സ് ആയ തുക
ICDS കേന്ദ്രവിഹിതം	756919	1559414 (+) 50000	2316333 (+) 50000	720379 (+) 50000	1595954
ശുചിത്വമിഷൻ	2219139	0	2219139	792069	1427070

സംസ്ഥാനാവിഷ്കൃതം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക
ലൈഫ്-സംസ്ഥാന വിഹിതം	1580000	300000	1880000	1520000	360000
സാക്ഷരത ഗ്രാന്റ്	291*	22	313	20	293
വിമുക്തി	115158	11000	126158	22000	104158
ജലനിധി	789625	3100	792725	792725	0

* 2021-22 റിപ്പോർട്ട് പ്രകാരം സാക്ഷരതാ ഗ്രാന്റ് മുന്നിരിപ്പ് 289 രൂപയാണ്, 22-23ലെ Ledger പ്രകാരമുള്ള വരവ് ചെലവാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
319	160927022	162	70578025	0	157	50.78

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 50.78% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 43.85% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെലവ് ശതമാനം

			തുക		
കൃഷി ഓഫീസർ	12	11	3076425	2055534	66.81
വെറ്ററിനറി സർജ്ജൻ	9	9	4648200	4012000	86.31
മെഡിക്കൽ ഓഫീസർ-PHC	13	10	3076519	2348867	76.34
മെഡിക്കൽ ഓഫീസർ-ആയുർവേദം	3	3	607162	607162	100
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	150000	150000	100
വി.ഇ.ഒ	16	15	70340580	25978693	36.93
ഐ.സി.ഡി.എസ് സൂപ്പർവൈസർ	12	6	7331857	5006837	68.28
സെക്രട്ടറി	46	26	13858751	9276210	66.93
അസി.സെക്രട്ടറി	12	7	3271332	2106196	64.38
അസിസ്റ്റന്റ് എഞ്ചിനിയർ	184	66	50416196	15927841	31.59
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	2100000	1390185	66.19
ഹെഡ്മാസ്റ്റർ	9	6	2050000	1718500	83.82
ആകെ	319	162	160927022	70578025	43.85

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്	9466	787924	797390	793875	3515
എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം	0	23352039	23352039	23352039	0
ആകെ	9466	24139963	24149429	24145914	3515

വാർഷിക കണക്ക് പ്രകാരം I 6+B3 പ്രകാരമുള്ള തുകയും I 14(C) + I 14(F) പ്രകാരമുള്ള തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വിശദമാക്കേണ്ടതാണ്.

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	2734800	266
2	വിധവാ പെൻഷൻ	12477600	1193
3	വാർദ്ധക്യകാല പെൻഷൻ	17780800	1851
4	വികലാംഗ പെൻഷൻ	3656600	354
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	1244800	115

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2023 തീയതിയിൽ 2.40 P.M. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 5091/- (അയ്യായിരത്തി തൊണ്ണൂറ്റി ഒന്ന്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ലോൺ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ട്രേഡേർസ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. ടെണ്ടർ നടപടികളിൽ നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ മരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2008-09 മുതൽ 2012-13 വരെയുള്ള എ.ജി.യുടെ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് 22.04.2014ന് ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ ഖണ്ഡികകളും തീർപ്പാക്കിയിട്ടുണ്ട്.
പെർഫോർമൻസ് ഓഡിറ്റിന്റെ 11/2022 മുതൽ 12/2022വരെയുള്ള ഓഡിറ്റ്

13.01.2023 തീയതിയിൽ പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് 21.01.2023 ന് ലഭ്യമായിട്ടുണ്ട്.

1-11 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ചുമത്തേണ്ടതാകുന്നു. തൊഴിൽനികുത് ഡിമാന്റ് രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

(A) താഴെ പറയുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുത് ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	കാലയളവ്
1	സർവ്വീസ് സഹകരണ ബാങ്ക്, പാലോട്	രണ്ടാം അർദ്ധ വർഷം
2	സർവ്വീസ് സഹകരണ ബാങ്ക്, കരിങ്കല്ലത്താണി	രണ്ടാം അർദ്ധ വർഷം
3	സർവ്വീസ് സഹകരണ ബാങ്ക്, ചെത്തല്ലൂർ	രണ്ടാം അർദ്ധ വർഷം
4	മാവേലി സ്റ്റോർ, നാട്ടുകൽ	രണ്ടാം അർദ്ധ വർഷം

(B) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	കാലയളവ്
1	ഫോർട്ടൂൺ മീറ്റ് പ്രൊഡക്ഷൻസ്	രണ്ടാം അർദ്ധ വർഷം
2	ലക്ഷ്മി ഫാം ഹാച്ചെറീസ്	രണ്ടാം അർദ്ധ വർഷം
3	അംബോറോ പ്രൊഡക്ഷൻസ്	രണ്ടാം അർദ്ധ വർഷം

4	പാലശ്ശേരി പെട്രോളിയം	ഒന്നും രണ്ടും അർദ്ധ വർഷം

(C) പൊതു ഭരണ സമ്പ്രദായത്തിനു കീഴിൽ പ്രവർത്തിക്കുന്ന റേഷൻ കട ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണം : 3/25-10-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

1-12 തൊഴിൽ നികുതി - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകളിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി **കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങൾ, 1996** പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 52 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്. സ്ഥാപന തൊഴിൽ നികുതിയായി നിശ്ചിത തുകയാണ് ഈടാക്കി വരുന്നത്.

ജീവനക്കാരുടെ തൊഴിൽ നികുതി - 957660/- രൂപ

സ്ഥാപന തൊഴിൽ നികുതി - 68,760/- രൂപ

ട്രേഡേഴ്സിന്റെ തൊഴിൽ നികുതി - 164210/- രൂപ

ആകെ - 1190630/- രൂപ

തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

<u>എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല</u>

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ് ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായ സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവരശേഖരണം

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) ഏതെങ്കിലും ഹോട്ടലിന്റേയോ ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പേടണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

സി) ഡിമാന്റ് നോട്ടീസ് നൽകുന്നതിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല.

ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്.

ഇ) പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് (Presumptive Profession Tax) – നിശ്ചിത തുക ഈടാക്കുന്നതിന് നിയമ തടസ്സം

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക എന്നതാണ് പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. **സ.ഉ(അ)നം.143/2008/തസ്വഭവ തിയതി 27-05-2008** പ്രകാരം അഭിഭാഷകർ, ഗ്രാമപഞ്ചായത്തുകളിലെ സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാ മെഡിക്കൽ വിദഗ്ദ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്കുള്ള തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രൊഫഷണലുകളെ കൂടാതെ സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത ഉത്തരവനുസരിച്ച് തൊഴിൽ നികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് നിയമ പ്രശ്നങ്ങൾക്കിടയാക്കിയിട്ടുണ്ട്. പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഏർപ്പെടുത്തിയ നടപടിക്ക് നിയമപരമായ സാധുത നൽകേണ്ടതാണെന്ന് WP(C)നം.26260 Of 2008(A) നമ്പർ കേസിന്റെ 20-11-2009 ലെ വിധിയിൽ ബഹു.ഹൈക്കോടതി അഭിപ്രായപ്പെടുകയും ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു. ആയതിനുശേഷം നാളിതുവരെ 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയതായി കാണുന്നില്ല.

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും പ്രൊഫഷണലുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും അത്തരത്തിൽ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ തുകയൊന്നും വരവില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

തൊഴിൽ നികുതിയായി നിശ്ചിത തുക ഈടാക്കുവാൻ 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവശ്യമാണെന്ന് വിലയിരുത്തുന്നു.

എഫ്) തൊഴിൽ നികുതി പിരിവിലെ പ്രായോഗിക പ്രശ്നങ്ങൾ

I. അർദ്ധ വാർഷിക വരുമാനത്തിന്റെ പരമാവധി തുക

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിന് ഓരോ സ്ലാബിലും ഈടാക്കാവുന്ന പരമാവധി

തുകയാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പരമാവധിയിൽ കുറവ് തുക ഈടാക്കുന്നതിന് തടസ്സമില്ലെങ്കിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പട്ടികയിലെ പരമാവധി തുക തന്നെയാണ് ഈടാക്കി വരുന്നത്.

II. ടേണോവർ കണക്കാക്കൽ

ചട്ടം 6, 7, 8 എന്നിവ പ്രകാരം കമ്പനികളുടെ ടേണോവർ കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണത ഉള്ളതായി വിലയിരുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും അർദ്ധവാർഷികമായി പരമാവധി തുകയായ 125 രൂപ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ടേണോവർ എത്രയെന്ന് പൊതുവെ, സ്ഥാപനങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുകയോ ആയതിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുകയോ ചെയ്യുന്നില്ല.

കമ്പനികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സങ്കീർണ്ണയതില്ലാത്ത മറ്റേതെങ്കിലും മാനദണ്ഡം അവലംബിക്കാവുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ജി) തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുള്ള പോർട്ടൽ രൂപീകരണം

എസ്.ആർ.ഒ നം. 612/2017 തിയതി 31-10-2017 പ്രകാരം തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 14എ കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി ഒടുക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും സെക്രട്ടറി നൽകുന്ന യൂസർ നെയിം, പാസ്വേർഡ് എന്നിവ ഉപയോഗിച്ച് തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുമുള്ള പോർട്ടൽ രൂപീകരിക്കുവാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ അത്തരത്തിലൊരു സംവിധാനം നിലവിൽ വന്നിട്ടില്ല.

എച്ച്) ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലെ ആകെ വരവ് 9,72,910/-രൂപയാണ്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ജീവനക്കാരുടെ തൊഴിൽ നികുതി (കോഡ്-110200102) ഇനത്തിലുള്ള വരവ് 957660/- രൂപയാണ്. വാർഷിക കണക്കിൽ ഡിമാന്റ് രജിസ്റ്ററിനേക്കാൾ 15,250/- രൂപ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

ഐ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നികുതി പിരിവിന്മേൽ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടത്തുന്നത്. മേൽ വിഷയത്തിൽ നിലനിൽക്കുന്ന അപാകങ്ങൾ പരിഹരിച്ച് പരമാവധി നികുതി സ്വരൂപിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 19/31-10-2023

1-13 വസ്തു നികുതി പരിഷ്കരണം -അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് 5 വർഷത്തേക്ക് 22.03.2023 ലെ സ.ഉ.(കൈ) നമ്പർ 77/2023

തസ്വഭവ സർക്കാർ ഉത്തരവു പ്രകരം വസ്തു നികുതി പുതുക്ക് നിശ്ചയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം 25% വർദ്ധനവ് വരുത്ത് നികുതിപരിഷ്കരണം നടത്തേണ്ടതാണെങ്കിലും സർക്കാർ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5%എന്ന തോതിൽ 01-04-2023 തീയത് പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്ക് നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തു നികുതി നിർണ്ണയ നടപടികളും വസ്തു നികുതി നിർണ്ണയത്തിനു ശേഷം തറ വിസ്തീർണത്തിനും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുത് പുനർനിർണ്ണയ നടപടികളും, വസ്തുനികുതിയിൽ നല്കാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

5/04/2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/തസ്വഭവ എസ് ആർ ഒ നമ്പർ 479/2023 വിജ്ഞാപന പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാനത്തിൽ വസ്തു നികുതി നിരക്കുകൾ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2023 ഏപ്രിൽ 1 മുതൽ അഞ്ചു വർഷ കാലയളവ് പൂർത്തിയാക്കുന്നതുവരെ തുടർന്നുള്ള ഓരോ വർഷവും ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളിൽ 5 % വീതം വർദ്ധനവ് വരുത്തുന്നതാണെന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

22.03.2023 ലെ സ.ഉ(കൈ)നം.77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2 /21-10-23) മറുപടിയായി വസ്തുനികുത് പരിഷ്ക്കരണ നിരക്കുകൾ, മേഖലകളും റോഡിന്റെ തരം തിരിവും പുതുക്കൽ എന്നിവ 06-06-2023 തിയ്യതിയിലെ പഞ്ചായത്ത് ഭരണ സമിത് യോഗത്തിന്റെ 1(2)-ാം നമ്പർ തീരുമാനത്തിന്റെ ശുപാർശയോടെ 14-07-2023 തിയ്യതിയിലെ 7(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചു നടപ്പിലാക്കിയിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സ.ഉ.(കൈ)നം.77/2023/LSGD തിയതി. 22.03.2023 പ്രകാരം 01.04.2023 മുതലുള്ള വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), I.T.I ഡ്രാഫ്റ്റ്സ്മാൻ സിവിൽ, I.T.I സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ച് വിവര ശേഖരം നടത്തി വരുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സോഫ്റ്റ് വെയറിൽ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ അപാകതകൾ പരിഹരിച്ച് വരുന്നു. നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തു നികുത് ഈടാക്കുന്നത്. 425 കെട്ടിട ഉടമകൾ സ്വമേധയാ 9 ബി ഫോറങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 01-04-2023 ന് മുൻപ് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ (ഫോറം-6) വസ്തു നികുതി പരിഷ്കരണത്തിനു മുൻപുള്ളതും ശേഷമുള്ളതും പ്രത്യേകമായി സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നുണ്ട്. നിലവിൽ വസ്തുനികുതിയോടൊപ്പം സേവനഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത

ഭരണസമിതി പരിശോധിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ് ചുമത്തുന്നതിന് വിവര ശേഖരണം ആരംഭിച്ചിട്ടില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല ആയതിനുള്ള സാധ്യത ഭരണ സമിതിപരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി 01-04-2023 മുതലുള്ള വസ്തുനികുതി പരിഷ്ക്കരണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

(1) സഞ്ചയയിലെ അസ്സസ്സ്മെന്റ് പ്രകാരം വസ്തു നികുതി കുടിശ്ശിക വരുത്തിയ മൊബൈൽ/ടെലിഫോൺ ടവറിന്റെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട നം.	ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം)	കുടിശ്ശികയായ വർഷം	നികുതി കുടിശ്ശിക
1	5/159	ഡിവിഷണൽ ഓഫീസർ, BSNL, തച്ചനാട്ടുകര, നാട്ടുകൽ	2022 - 23 ഒന്നും രണ്ടും അർദ്ധ വർഷം	3722/- അർദ്ധ വർഷം

(2) വസ്തു നികുതി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ (ബിൽഡിംഗ്) തൻവർഷം 2,68,068/- രൂപയും, അരിയർ ആയി 2,69,055/-രൂപയും, നോൺ റസിഡൻഷ്യൽ (ബിൽഡിംഗ്) തൻവർഷം 1,45,740/- രൂപയും, അരിയർ ആയി 1,60,504/-രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം : 10/28-10-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

വസ്തു നികുതി കുടിശ്ശിക കാലഹരണപ്പെടാതെ ഈടാക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

1-15 നികുതിയേതര വരുമാനം - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ്

വരവുകൾ മുതലായ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള റവന്യൂ പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, 233A, 233B, 233C, 234

. *1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ*

2022-23 വർഷത്തിൽ 245 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 1,61,500/- രൂപയാണ് ലഭ്യമായിട്ടുള്ളത്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ലൈസൻസ് നടപടിക്രമങ്ങളിൽ അവ്യക്തതകൾ നിലനിൽക്കുന്നു

2017 ൽ നിയമത്തിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ പ്രകാരം കൂടുതൽ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയെങ്കിലും ചട്ടങ്ങളിലെ പട്ടിക-I ൽ 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വിഭാഗത്തിൽപ്പെട്ട 245 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. പട്ടിക-I ൽ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ പുതിയ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് നൽകുന്നതിലെ അവ്യക്തത പരിഹരിക്കുന്നതിനായി എല്ലാ വിഭാഗം സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പട്ടിക-I സർക്കാർതലത്തിൽ പുതുക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

ബി) ഫീസ് ഘടനയിലെ അവ്യക്തത

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, സ്മാൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ത മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

സി) അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമാക്കിയില്ല

സ്ഥാപനങ്ങളുടെ പുതുക്കിയ ഫീസ് ഘടനയ്ക്കനുസരിച്ചുള്ള പുതുക്കിയ അപേക്ഷാ ഫോറം ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് അവ്യക്തതകൾക്ക് കാരണമായിട്ടുണ്ട്.

ഡി) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019* പുറപ്പെടുവിച്ചിട്ടുണ്ട്. *കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020* ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ **സ്വയം സാക്ഷ്യപത്രം(Self Certification)** സമർപ്പിച്ചാൽ ഒരു **കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate)** ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനം അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായ് ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

ഇ) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

എഫ്) ഡിമാന്റിന്റെ പൂർണ്ണത

സഞ്ചയയിലെ ഡാറ്റ പ്രകാരം 1985 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 245 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

ജി) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം

സഞ്ചയ സോഫ്റ്റ്വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

എച്ച്) 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കുന്നില്ല

2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(1) ൽ 2021 ൽ വരുത്തിയ ഭേദഗതികൾ പ്രകാരം (ജി.എസ്.ആർ 571 (ഇ) തീയതി: 12.08.2021)

പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ കനം 30.09.2021 മുതൽ 75 മൈക്രോണിലും 31.12.2022 മുതൽ 120 മൈക്രോണിലും കുറയാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ളാസ്റ്റിക്കുകളും മറ്റ് നിരോധിത പ്ളാസ്റ്റിക്ക് ഇനങ്ങളും ഉൽപ്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യാൻ പാടില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതുക്കിയ പട്ടിക-1 പുറപ്പെടുവിക്കുന്നതിനും അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്നതിനും സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

*വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലുടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

*ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

*2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ സത്യവാങ്മൂലത്തിൽ ഉറപ്പാക്കേണ്ടതാണ്.

2) മറ്റ് ലൈസൻസുകൾ

എ) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്

. കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷാ ഫീ: 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ(RP-4,കോഡ്140110109) 1400/- രൂപയാണ് വരവുള്ളത്. നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

ബി) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്

ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് എന്ന ശീർഷകത്തിൽ വരവൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3) കെട്ടിട നിർമ്മാണം, ഭൂവികസനം - പെർമിറ്റ് അനുവദിക്കൽ

2022-23 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് ഫീസ് (കോഡ്-140120101) ഇനത്തിൽ 1,86,537/- രൂപയും റഗുലറൈസേഷൻ ഫീസ് (140120105) ഇനത്തിൽ 1,80,961/- രൂപയും വരവായി ലഭിച്ചിട്ടുണ്ട്.

എ) സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കണ്ടതാണെന്ന് 2019

ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായ് നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല. ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

4) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്. Registration Fee From Private Hospital & Paramedical Institutions(കോഡ്-140100102) ഇനത്തിൽ 1050/- രൂപയും വരവുണ്ട്.

5) മറ്റ് വരവുകൾ

കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 62,101/- രൂപയാണ് ലഭ്യമായിട്ടുള്ളത്.

കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, ഫലവൃക്ഷങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല. നികുതിയേതര വരവ് വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 20/31-10-2023

1-16 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2022-23 വർഷത്തിൽ പാലിന് സബ്സിഡി നൽകുന്നതിനായി ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. 2022ഏപ്രിൽ മുതൽ 2023 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു വ്യക്തിക്ക് ഒരു വർഷം പരമാവധി 40,000/- രൂപ മാത്രം. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. ഗ്രാമ പഞ്ചായത്തിൽ ചാമപ്പറമ്പ്, ചെത്തല്ലൂർ ചെത്തല്ലൂർ(അത്തിപ്പറ്റ), ആര്യമ്പാവ് എന്നീ 4 ക്ഷീര സംഘങ്ങളിലായി 345 ക്ഷീര കർഷകർ സംഘങ്ങളിൽ പാൽ നൽകി വരുന്നുണ്ട്.

പ്രോജക്ട് നമ്പർ	237/23, പാലിന് സബ്സിഡി (മിൽക്ക് ഇൻസന്റീവ്) സംയുക്ത പ്രോജക്റ്റ്
നിർവ്വഹണം	ഡയറി ഫാം ഇൻസ്പെക്ടർ

അടങ്കൽ	4,00,000 (ജനറൽ ഫണ്ട്/പൊതു വിഭാഗം), 2,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) , 1,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം), ആകെ = 7,00,000/- രൂപ
ചെലവ്	7,00,000/-രൂപ

ചെലവ്

ക്രമ നം.	ബിൽ നമ്പർ	തുക	തിയതി
1	5/22-23	76695	21-02-2023
2	6/22-23	17514	21-02-2023
3	7/22-23	155208	21-02-2023
4	8/22-23	142554	21-02-2023
5	9/22-23	81997	10-03-2023
6	10/22-23	70077	10-03-2023
7	11/22-23	38887	10-03-2023
8	12/22-23	9039	10-03-2023
9	15/22-23	15808	17-03-2023
10	16/22-23	6570	17-03-2023
11	17/22-23	40224	17-03-2023
12	18/22-23	37398	17-03-2023
13	19/22-23	1215	24-03-2023
14	20/22-23	537	24-03-2023
15	21/22-23	3193	24-03-2023

15	22/22-23	3084	24-03-2023
	ആകെ	**7,00,000/- രൂപ**	

ക്ഷീര കർഷകർക്ക് 2022 ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ 3/- രൂപയും, ഡിസംബറിൽ 4 ദിവസത്തേക്കുമാണ് സബ്സിഡി നൽകിയിട്ടുള്ളത് മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകുന്നതിന് പഞ്ചായത്ത് ഭരണസമിതിക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും ശരാശരി പാലിന്റെ അളവും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രോജക്ട് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്.

1-17 പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം- ക്യാരി ബാഗ് നല്കൽ -ജി. എസ്.ടി കുറവ് ചെയ്യാതെ ബിൽ തുക അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് -25/23- പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം- ക്യാരി ബാഗ് നല്കൽ

അടങ്കൽ- ₹. 480000 (CFC)

ചെലവ് - ₹.462560 (CFC)

ബിൽ നം- XVFC/2022-23/P/9, 01-09-2022(454300+ Deduction -IT- 8260)

എഗ്രിമെന്റ് നം-4/22-23, 13-6-2022

2022-23 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം ക്യാരി ബാഗ് നല്കൽ എന്ന പ്രോജക്ടിനായി റെയിൻബോ ക്ലോത്ത് ബാഗ് യൂണിറ്റ് (GST Registration No -32AAAGT0755N1Z3) എന്ന സ്ഥാപനത്തിൽ നിന്നും 7000 ക്യാരി ബാഗ് വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം 3/16-8-2022 പ്രകാരം 59 രൂപ +12% ടാക്സ് എന്ന നിരക്കിൽ 462560 രൂപ ഇവ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ബിൽ തുക അനുവദിച്ചതിൽ സ്രോതസ്സിൽ നിന്നും ജി. എസ്.ടി കുറവ് ചെയ്യാതെ തുക നല്കിയിട്ടുണ്ട്.

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ മാർഗ്ഗനിർദേശമുണ്ട് ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. മേൽ സൂചിപ്പിച്ച പ്രോജക്ടിൽ GST കുറവ് ചെയ്യാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് എൻകമയറി (നം-9/27-10-2023) നല്കിയതിന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

കരാർതുക 2.5 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടേയോ

സേവനങ്ങളുടേയോ, രണ്ടിന്റേയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ 2% ജി.എസ്.ടി. കുറവ് ചെയ്യേണ്ടതാണ്. അല്ലെങ്കിൽ നിർവ്വഹണോദ്യോഗസ്ഥൻ ഫൈൻ നൽകാൻ നിർബന്ധിതനാകുന്നതാണ്.

1-18 കെ. എസ്. ഇ.ബി യ്ക്ക് തുക നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ക്രമ നം	പ്രോജക്റ്റ് നം, പേര്	അടങ്കൽ (രൂപ)	ചെലവ് (രൂപ)	ഏജൻസി
1	168/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	190003 വികസന ഫണ്ട് -ജനറൽ	190003 1) 124449 ബിൽ നം 23/10.1.23 2)53437 ബിൽ നം 27/20.2.23 3)12117 ബിൽ നം 30/3.3.23	KSEB 1.A)₹.91573-കുമരംപുത്തൂർ സെക്ഷൻ 1.B)₹.32876-പെരിന്തൽമണ്ണ സെക്ഷൻ 2.A)₹.12190-കുമരംപുത്തൂർ സെക്ഷൻ 2.B)₹.41247-താഴേക്കോട് സെക്ഷൻ 3)₹.12117-കുമരംപുത്തൂർ സെക്ഷൻ

22-23 വർഷത്തിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായ് മേൽസൂചിപ്പിച്ച പ്രകാരം KSEB യിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് ഇതിൽ കുമരംപുത്തൂർ സെക്ഷനിലേക്ക് നല്കിയ തുകകളുടെ വിനിയോഗ വിവരം, സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടുണ്ട്. കെ എസ് ഇ ബിയുടെ പെരിന്തൽമണ്ണ സെക്ഷനിലേക്കും, താഴേക്കോട് സെക്ഷനിലേക്കും നല്കിയ തുകയുപയോഗിച്ചുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കേണ്ടതും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുകയും ചെയ്യേണ്ടതാണ്. (ഓഡിറ്റ് എൻകൗയറി നം-8/27-10-2023)

1-19 സംയുക്ത പ്രോജക്റ്റിനായി തുക നല്കിയത്

പ്രോജക്റ്റ് നം, പേര്	അടങ്കൽ (രൂപ)	ചെലവ് (രൂപ)	ഏജൻസി
114/23-എ ബി സി പദ്ധതിയ്ക്ക് വേണ്ടിയുള്ള ഗ്രാമപഞ്ചായത്ത് വിഹിതം	100000 (CFC)	100000 XVFC/2022-23/P/28, 16/01/2023	പാലക്കാട് ജില്ലാ പഞ്ചായത്ത്

നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്ക് അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം-8/27-10-2023)

1-20 പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക അടവാക്കിയത്- തുടർനടപടികൾ അറിയിക്കേണ്ടതാണ്

പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക അടവാക്കിയത്

ക്രമ നം	പ്രോജക്റ്റ് നം, പേര്	അടങ്കൽ (രൂപ)	ചെലവ് (രൂപ)	ഏജൻസി
1	165/23-പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകൽ	350000 (CFC-72662+Own Fund-44016+MG(NR)-233322)	1)₹.44016 വൗച്ചർ നം 22200970/ 18.3.23- തനത് ഫണ്ട് 2)₹.72662(CFC)XVFC/ 2022-23 /P/42 27/03/2023 3) ബിൽ നം-31/16-3-23 =233322/-രൂപ	കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ ഉപയോഗിക്കാത്ത പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിനായി മേൽസൂചിപ്പിച്ച പ്രകാരം വാട്ടർ അതോറിറ്റിയുടെ 67150213827നമ്പർ അക്കൗണ്ടിലേക്ക് തുക നല്കിയിട്ടുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ ഷൊർണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക നല്കിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ ആകെ 231 പൊതുടാപ്പുകളാണ് ഉണ്ടായിരുന്നത്. വാട്ടർ അതോറിറ്റിയും, ഗ്രാമപഞ്ചായത്തും ചേർന്ന് 16-8-21 ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ഇവയുടെ എണ്ണം 181 ആയ് സ്ഥിരീകരിച്ചിട്ടുണ്ട്. ഇവയിൽ 3 എണ്ണമൊഴികെയുള്ളവ നിർത്തലാക്കണമെന്ന് ആവശ്യപ്പെടുകയും, ആയതിനുള്ള ചെലവ് പ്രോജക്ടിലൂടെ വകയിരുത്തി വാട്ടർ അതോറിറ്റിയ്ക്ക് നല്കുകയും ചെയ്തിട്ടുണ്ട് 22-23 ൽ 116678 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

2023 മാർച്ച് മാസത്തെ വെള്ളക്കരം ടാപ്പൊന്നിന് 14559.12 രൂപ/ടാപ്പ്/വർഷം നിരക്കിൽ പൊതുടാപ്പുകളുടെ വെള്ളക്കരം 280261 രൂപയാണ്.

ഗ്രാമപഞ്ചായത്തിലെ 178 പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും മൂന്ന് ടാപ്പുകൾ മാത്രം നിലനിർത്തണമെന്നും ആവശ്യപ്പെട്ട് സെക്രട്ടറി 17-11-22ന് A2/1295/2022 നമ്പർ കത്ത് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനിയർക്ക്(പി.എച്ച് .ഡിവിഷൻ, ഷൊർണ്ണൂർ) നല്കിയിട്ടുണ്ട്. കത്തിന്റെ അടിസ്ഥാനത്തിൽ ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തുക അടവാക്കാൻ വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിക്കുകയും

പ്രോജക്ടിലുൾപ്പെടുത്തി തുക അടവാക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

*ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടത് പ്രകാരം ടാപ്പുകളുടെ എണ്ണം കുറവാക്കി ഡിമാന്റ് കൃത്യമാക്കിയിട്ടില്ല. ആയത് കൃത്യമാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

*നിലവിലുള്ള ടാപ്പുകളുടെ എണ്ണം, വെള്ളക്കരം എപ്പോൾ മുതൽ പുതുക്കി നല്കി എന്നതിന്റെ വിവരം അറിയിക്കേണ്ടതാണ്.

*ഡിസ് കണക്റ്റ് ചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻകൗയറി നം-8/27-10-2023)

1-21 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം. 2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 2019 ഡിസംബർ മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

1.യൂസർ ഫീ

ഗ്രാമപഞ്ചായത്തിൽ 8000ത്തോളം വീടുകളും ഏകദേശം 300 കടകളും ഉള്ളതായി ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. വീടുകൾക്ക് 50 രൂപയും, കടകൾക്ക് 100 രൂപയുമാണ് യൂസർ ഫീ പിരിക്കുന്നത്. എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ ലഭ്യമാകാത്ത സ്ഥിതിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 16 വാർഡുകളിലായി 21 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. 30 ശതമാനം വീടുകളും കടകളും മാത്രമാണ് കൃത്യമായി പ്ലാസ്റ്റിക്ക് ഹരിത കർമസേനയ്ക്ക് കൈമാറുകയും യൂസർഫീ നൽകുകയും ചെയ്യുന്നത്. കളക്ഷൻ കുറവായതിനാൽ പ്രതിമാസം ശരാശരി 7000-8000 രൂപയാണ് ഓരോ ഹരിത കർമസേനാംഗത്തിനും പ്രതിഫലം ലഭ്യമാകുന്നത്. ശരാശരി 120,000 രൂപ യൂസർഫീ ഇനത്തിൽ ലഭ്യമാകുന്നുണ്ട്.

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. തദ്ദേശ സ്വയം ഭരണവകുപ്പ്

വകുപ്പിന്റെ 06-01-2023 ലെ സ.ഉ.(സാധാ) നം.41/2023/LSGD ഉത്തരവനുസരിച്ച് യൂസർ ഫീ ഈടാക്കുന്നതിന് സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

യൂസർ ഫീ പിരിവ് മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.മാലിന്യം സൂക്ഷിക്കുന്നതിനുള്ള സംവിധാനം

ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യം സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം സി എഫ് സ്ഥാപിച്ചിട്ടുണ്ട്. പ്രധാന എം സി എഫ് സ്ഥാപിക്കുന്നതിനായി തൻവർഷം പ്രോജക്ട് ആരംഭിച്ചുവെങ്കിലും നിർമാണം പൂർത്തിയായിട്ടില്ല.പ്രധാന എം സി എഫ് പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലുള്ള താൽക്കാലിക സംവിധാനത്തിലാണ്. ഓരോ വാർഡിൽ നിന്നും പ്ളാസ്റ്റിക്ക് ശേഖരിച്ച് എം സി എഫിലേക്കെത്തിക്കുന്നതിന് വാഹനം വാങ്ങി നല്കിയിട്ടുണ്ട്.

എം സി എഫ് നിർമാണത്തിന്റെ നിലവിലെ സ്ഥിതി, ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കാനാവശ്യപ്പെട്ട് എൻകയറി നല്കിയതിന് മറുപടി ലഭ്യമായില്ല. (എൻകയറി നം 17/30-10-23). കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

3. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
സർക്കാർ നിർദ്ദേശം പരിഗണിച്ചും, പാലിച്ചും ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-22 ജി. എസ്.ടി ഈടാക്കിയതിൽ അപാകം

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ മാർഗ്ഗനിർദേശമുണ്ട് ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

22-23 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ മൂന്നു പ്രോജക്ടുകൾക്കുള്ള തുക അനുവദിച്ചതിൽ ജി. എസ്.ടി ഈടാക്കിയതിൽ അപാകം ഉണ്ട്.

ക്രമ നം	പ്രോജക്ട്	അടങ്കൽ	കരാർ തുക	ചെലവ്	ടി ഡി എസ് തുക
1	30/23, ചാമപറമ്പ് അങ്കണവാടി വയറിങ്ങ് കരാറുകാരൻ- ശ്രീ.യാക്കൂബ്.എം.കെ	70000 (MG-NR)	69860	68830 ബിൽ നം- 18/26-11-2022- ₹. 68330/-	1186

2	28/23, പുല്ലങ്ങാടി അങ്കണവാടി വയറിങ്ങ് കരാറുകാരൻ- ശ്രീ.യാക്കൂബ്.എം.കെ	70000 (MG-NR)	69993	68973 ബിൽ നം- 17/26-11-2022- ₹. 68973/-	1190
3	29/23, ചെത്തല്ലൂർ കൃഷിഭവൻ കെട്ടിടം വയറിങ്ങ് കരാറുകാരൻ- ശ്രീ.യാക്കൂബ്.എം.കെ	70000 (MG-NR)	69993	69956 ബിൽ നം- 19/26-11-2022- ₹. 69956/-	1206

കരാർ തുക 2.5ലക്ഷം രൂപയിൽ കുറവായതിനാൽ ടി ബില്ലുകളിൽ നിന്നും ജ എസ് ടി ഈടാക്കേണ്ടതില്ല.

ബില്ലുകളിൽ നിന്നും നിയമാനുസൃത നിരക്കിൽ മാത്രം തുക കുറവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് എൻകൃയറി നം 18/30-10-2023 നല്കിയതിന് മറുപടി ലഭ്യമായില്ല.

1-23 എസ് സി വൃദ്ധർക്ക് കട്ടിൽ - യോഗ്യതയില്ലാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നല്കി

നിർവഹണ ഉദ്യോഗസ്ഥൻ- അസി. സെക്രട്ടറി

പ്രോജക്ട് -159/23- വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ്.സി)

അടങ്കൽ- ₹.140600(വികസന ഫണ്ട്- എസ്. സി.പി)

ചെലവ് - ₹.117800 (വികസന ഫണ്ട്- എസ്. സി.പി)

ബിൽ നം- 9/28-3-23-- ₹. 117800/-

(Olympia Steels Invoice No OS/013/2022-23, Dt.22-3-23, 37 എണ്ണം -140600 രൂപ)

2022-23 വർഷത്തിൽ വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ്.സി) എന്ന പ്രോജക്ടിലൂടെ 37 കട്ടിലുകൾ Olympia Steels എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് 3800 രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയ്സ് പ്രകാരമുള്ള തുകയിൽ 117800/- രൂപ ഓഡിറ്റ് വർഷത്തിൽ നല്കിയിട്ടുണ്ട്. കട്ടിൽ ലഭിച്ച ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകളുടെ പരിശോധനയിൽ ഒരു ഗുണഭോക്താവിന് ആനുകൂല്യം നല്കിയതിൽ അപാകത ഉള്ളതായി കണ്ടെത്തി. സ്റ്റോക്ക് രജിസ്റ്റർ പേജ് 8ൽ, ക്രമ നം 16-ശ്രീമതി കാർത്ത്യായനി , കൊരങ്ങയിൽ ഹൗസ്, പാലോട് എന്ന ഗുണഭോക്താവിന് 57 വയസ്സാണ്. ആധാർ കാർഡനുസരിച്ച് ഇവരുടെ ജനനം 1965 ലാണ്. മണ്ണാർക്കാട് താലൂക്ക് ഓഫീസിൽ നിന്നും 12-1-2023 ൽ നല്കിയ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിലും ഇവരുടെ വയസ്സ് 57 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

28-5-2022 ലെ സ.ഉ.115/2022/(LSGD), പതിനാലാം പദ്ധതി മാർഗരേഖ, ഖ-7.1.14. 2 പ്രകാരം നിർധനരായ, 60 വയസ്സ് കഴിഞ്ഞ വയോധികർക്കും ശയ്യാവലംബരായ നിർധനരായ വയോജനങ്ങളല്ലാത്തവർക്കും കട്ടിൽ നല്കാവുന്നതാണ് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് .

മാർഗരേഖ പ്രകാരമല്ലാതെ മേൽ സൂചിപ്പിച്ച ഗുണഭോക്താവിന് ആനുകൂല്യം നല്കാനുണ്ടായ കാരണം അറിയിക്കണമെന്നറിയിച്ച് എൻകൃയറി നം 14/28-10-

2023 നല്കിയതിന് മറുപടി ലഭ്യമായില്ല. ഇക്കാര്യത്തിൽ വ്യക്തമായ മറുപട ലഭ്യമാക്കുന്നതു വരെ ചെലവ് തുക 3800 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-24 കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ്- കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് - നം. 148/23, കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് തുടർ ചികിത്സാ പ്രവർത്തനത്തിന് ധനസഹായം നൽകുന്നതിന് സാമൂഹ്യ സുരക്ഷാ മിഷന് തുക അടവാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - ₹50000 (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് - ₹50000

ബിൽ നം. - 14/22-03-23

സ.ഉ(സാധാ)നം.426/2019/തസ്വഭവ തീയതി 26.02.2019 പ്രകാരം കോക്ളിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി ഒരു കുട്ടിക്ക് 50000രൂപ നിരക്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക നൽകാവുന്നതാണ്. മേൽ പ്രോജക്ട് പ്രകാരം 22-06-2013 ന് കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഫാത്തിമ ഹന്നത്ത്.കെ.പി D/O റസിയ കലംപറമ്പിൽ, തച്ചനാട്ടുകര എന്ന കുട്ടിയുടെ കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിനായി 50000 രൂപ സാമൂഹ്യസുരക്ഷാ മിഷനിലേക്ക് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/28-10-23) മറുപടി ലഭ്യമായില്ല.
സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 ഭിന്നശേഷിക്കാർക്ക് ബങ്ക് നൽകൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകങ്ങൾ

പ്രോജക്ട് - 116/23, ഭിന്നശേഷിക്കാർക്ക് ബങ്ക് നൽകൽ (സ്റ്റീൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 150000(വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് - 149000

ബിൽ നമ്പർ- 5/28-10-22

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ 5 വ്യക്തികൾക്ക് ബങ്ക് നൽകിയിട്ടുണ്ട്. 14-02-2018 ലെ സ.ഉ(കൈ)നം.22/2018 തസ്വഭവ പ്രകാരമുള്ള സബ്സിഡി- ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖ.6.4(13) പ്രകാരം ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട നൽകുന്നതിന് പൊതുവിഭാഗത്തിന് പരമാവധി 30000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പരമാവധി 40000 രൂപയും നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗത്തിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബങ്ക് നിർമ്മിച്ചു നൽകുന്നതിനായി നം. എ2-154/2021-22

തി.07-01-22 പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 35000 രൂപയാണ് എസ്റ്റിമേറ്റ് പ്രകാരം ഒരു ബങ്കിന് നിശ്ചയിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ 3 ടെണ്ടറുകൾ ലഭിച്ചിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ടെണ്ടർ സമർപ്പിച്ച വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേര്	കോട്ട് ചെയ്ത നിരക്ക്
1	അജ്മൽ.സി.പി, പാലോട്	33000
2	ഫിഡ്കോ എന്റർപ്രൈസസ്, കോഴിക്കോട്	43492
3	സംസം ഇൻഡസ്ട്രീസ്, കിഴക്കഞ്ചേരിക്കാവ്	34100

ഭരണസമിതിയുടെ 02-02-2022 ലെ 2(2) നം. തീരുമാനത്തിൽ ക്രമ നം.2 ആയ് ഭിന്നശേഷിക്കാർക്ക് ബങ്ക് നൽകുന്നതിന് ഒരു ബങ്കിന് 34000 രൂപ നിരക്കിൽ ശ്രീ.അനസ്.പി, പാതാരി, നാട്ടുകൽ എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ വാലേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.അനസ്.പി യുടെ 12-09-22 ലെ ടാക്സ് ഇൻവോയ്സ് പ്രകാരം ബങ്ക് ഒന്നിന് 2980 രൂപ നിരക്കിൽ 5 ബങ്കുകൾക്ക് 149000 രൂപ നൽകിയിട്ടുണ്ട്.

ശ്രീ.അനസ്.പി എന്ന വ്യക്തി സമർപ്പിച്ച ടെണ്ടർ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും മേൽ പട്ടികയിലെ ക്രമ നം.1 പ്രകാരം അജ്മൽ സി.പി എന്ന വ്യക്തി കോട്ട് ചെയ്ത നിരക്ക് 33000 രൂപയാണ്. ആയത് അംഗീകരിക്കാതെ 34000 രൂപയുടെ ടെണ്ടർ അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം,12/28-10-23 ന് മറുപടി ലഭ്യമായില്ല.
ഈ വിഷയത്തിൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-26 മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്- പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പ്രോജക്ട് - നം. 153/23, എൽ.എസ്.എസ് -യു.എസ്.എസ് മറ്റ് മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

അടങ്കൽ - ₹75000 (തനത് ഫണ്ട്)

ചെലവ് - ₹75000

വൗച്ചർ നം.- 22200942/09-03-23

ഗ്രാമപഞ്ചായത്തിലെ 5 എൽ.പി സ്കൂളുകളിലെയും 4 യു.പി സ്കൂളുകളിലെയും തെരഞ്ഞെടുത്ത കുട്ടികൾക്ക് എൽ.എസ്.എസ് , യു.എസ്.എസ്, മറ്റു മത്സര പരീക്ഷകൾ എന്നിവയ്ക്ക് പരിശീലനം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ 9 സ്കൂളുകളിലുമായി ആകെ 289 കുട്ടികൾക്ക് എൽ.എസ്.എസ്, യു.എസ്.എസ് എന്നീ മത്സര പരീക്ഷകൾക്ക് 14 ദിവസത്തെ പരിശീലനം നൽകിയ വകയിൽ 60000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഉദ്ഘാടനത്തിന്റെ നോട്ടീസ്, ഹോണറേറിയം ട്രോഫി, മാത്യകാ ചേദ്യക്കടലാസ് തയ്യാറാക്കൽ, റിഫ്രഷ്മെന്റ് ചാർജ്

എന്നിവയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഹൈസ്കൂൾ തലത്തിലെ വിദ്യാർത്ഥികൾക്കായുള്ള NMMS സ്കോളർഷിപ്പ് പരീക്ഷയുടെ പരിശീലനത്തിനായി ജി.എച്ച്.എസ് മാണിക്കപ്പറമ്പ് ടി.എസ്.എൻ.എം.എച്ച്.എസ് കുണ്ടൂർക്കുന്ന്, ഫാത്തിമ മെമ്മോറിയൽ ഹൈസ്കൂൾ കരിങ്കല്ലത്താണി എന്നീ 3 സ്കൂളുകളിലേക്ക് 5000 രൂപ വീതം നല്കുന്നതിനാണ് ബാക്കി തുകയായ 15000 രൂപ ചെലവഴിച്ചിട്ടുള്ളത്.

സ.ഉ(കൈ)നം.84/2022/തസ്വഭവ തി.19-04-2022 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6.5 പ്രകാരം പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/ വിദ്യാർത്ഥിനികളുടെ സർഗ്ഗാത്മകശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ പ്രോജക്ടുകൾ എസ്.എസ്.കെ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയതിനു ശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പിന്റെ ചുമതലയാണ് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. ഹൈസ്കൂളുകളുടെ ചുമതല ജില്ലാ പഞ്ചായത്തിനാണ്.

മേൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതിനു മുമ്പ് എസ്.എസ്.കെ വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളിൽ ഈ പരിശീലനം ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത ഹൈസ്കൂൾ തലത്തിലെ പരിശീലനത്തിന് തുക അനുവദിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനും ഓഡിറ്റ് അന്വേഷണം (നം.15/30-10-23) നൽകുകയുണ്ടായി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ എസ്.എസ്.കെ വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികൾ പരിശോധിച്ച് ഇത്തരത്തിലുള്ള പരിശീലന പരിപാടി നടപ്പിലാക്കുന്നില്ല എന്ന് ഉറപ്പുവരുത്തിയതിനു ശേഷമാണ് പ്രോജക്ട് നടപ്പിലാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഹൈസ്കൂൾ കുട്ടികൾക്ക് അധ്യാപകരുടെ സഹായത്തോടെ പഠന സമയം കഴിഞ്ഞ് NMMS സ്കോളർഷിപ്പിനായി കോച്ചിംഗ് നൽകുന്നതിന് റിഫ്രഷ്മെന്റ്, ആവശ്യമായ സ്റ്റേഷനറി സാമഗ്രികൾ എന്നിവയ്ക്കാണ് 15000 രൂപ ചെലവഴിച്ചതെന്നും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് തുക നൽകുകയല്ല ചെയ്തതെന്നും ഭാവിയിൽ ഇത്തരത്തിലുള്ള ചെലവുകൾ ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
പ്രോജക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ പദ്ധതി, സബ്സിഡി മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-27 വീട് വാസയോഗ്യമാക്കൽ - അർഹതാ മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രോജക്ട്- നം.175/23, വീട് വാസയോഗ്യമാക്കൽ എസ്.സി

നിർവ്വഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 1085000 (1084594 – വികസന ഫണ്ട് എസ്.സി.പി, 406- തനത് ഫണ്ട്)

ചെലവ്- 665000 (വികസന ഫണ്ട് എസ്.സി.പി)

ബിൽ നം. - 22210352019601001649/05-01-23 - ₹210000

22210352019601151637/07-02-23 - ₹190000

22210352019601578398/31-03-23 - ₹265000

മേൽ പ്രോജക്ട് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി 35000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. 19 പേർക്ക് തൻവർഷം തുക നൽകിയിട്ടുണ്ട്.

സ.ഉ(കൈ) നം.115/2022/LSGD തി. 28-05-22പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7.4 പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ധനസഹായം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീടിന്റെ കാലപ്പഴക്കം 8 വർഷത്തിൽ താഴെയാണെന്ന് ബോധ്യപ്പെട്ടു.

1. ശശിധരൻ.കെ.പി, കീഴില്ലത്തുപടി, ചെത്തല്ലൂർ- അപേക്ഷയ്ക്കാപ്പമുള്ള 5084001/47/23 തി.28-02-23 നം. Building Age Certificate പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം 7 വർഷമാണ്.

2. അപ്പുണ്ണി, കാരയിൽ, നാട്ടുകൽ- അപേക്ഷയ്ക്കാപ്പമുള്ള 5084001/80/23 തി.22-03-23 നം. Building Age Certificate പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം 7 വർഷമാണ്.

കെട്ടിടത്തിന്റെ കാലപ്പഴക്കം 8 വർഷത്തിൽ താഴെയുള്ളവയ്ക്ക് ആനുകൂല്യം നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/31-10-23) മറുപടി ലഭ്യമായില്ല. ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-28 ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
41/23	ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ	8800000(1691517 –വികസന ഫണ്ട് ജനറൽ, 2000000 –സംസ്ഥാനാവിഷ്കൃത ഫണ്ട്, 68483- തനത് ഫണ്ട്, 500000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1400000- ജില്ലാ പഞ്ചായത്ത് വിഹിതം, 3140000- KURDFC ലോൺ)	1400000 (വികസന ഫണ്ട് ജനറൽ)

42/23	ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.സി	53200000 (2000000-വികസന ഫണ്ട് SCP, 13300000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 2000000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1000000-ജില്ലാ പഞ്ചായത്ത് വിഹിതം, 25900000-KURDFC ലോൺ)	19687673(1987673-വികസന ഫണ്ട് SCP, 1520000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 1990000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2620000-ജില്ലാ പഞ്ചായത്ത് വിഹിതം, 11570000-KURDFC ലോൺ)
91/22	ലൈഫ് ഭവന പദ്ധതി (എസ്.സി)	22220000 (3420000-വികസന ഫണ്ട് SCP, 3200000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 40000- മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം, 4800000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 4800000-ജില്ലാ പഞ്ചായത്ത് വിഹിതം, 5960000-KURDFC ലോൺ)	5160000 (3420000-വികസന ഫണ്ട് SCP, 1100000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 40000- മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം, 432965-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 167035-ജില്ലാ പഞ്ചായത്ത് വിഹിതം)

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട് 2021-22 വർഷത്തിൽ നിർമ്മാണം ആരംഭിച്ച് ഭാഗികമായി തുക കൈപ്പറ്റുകയും നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക	അവസാനമായി തുക കൈപ്പറ്റിയ തീയതി
1	ശോഭന W/O ജഗൽകുമാർ, കരിമ്പനത്തോട്ടത്തിൽ	350000	25-08-22
2	നീലി W/O കോമൻ, നാട്ടുകൽ	350000	13-07-22
3	ജാനകി D/O കണ്ടൻ, കീഴിയത്ത് പടി	360000	05-09-22
4	ശ്രീവള്ളി W/O അപ്പുട്ടി, കുളാകുറിശ്ശി	350000	15-03-23
5	മണി W/O രാമൻ, ചെറുമ്പാടത്ത്പടി	360000	05-09-22
6	ശാരദ W/O ചാത്തൻ, കീഴില്ലത്ത് പടി	350000	04-08-22

7	സുലോചന , കുളാകുറിശ്ശി	350000	05-01-23

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/31-10-23) മറുപടി ലഭ്യമായില്ല.

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-29 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് സ്ഥാപിക്കൽ- നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് - നം.125/23, പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ - ₹550000 (250000- വികസന ഫണ്ട് ജനറൽ , 300000- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ്- ₹361827(245827- വികസന ഫണ്ട് ജനറൽ, 116000- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നം. 9701543041/28-3-23 – 78000

9701543078/28-3-23 – 22950

9701242796/24-2-23 – 40000

9701225128/22-2-23 – 39072

9701225137/22-2-23 – 76332

9701352786/15-3-23 – 40273

9701178580/13-2-23 – 6800

9701352540/15-3-23 – 20400

Sanction Order No.442/28-03-23 – 38000

മേൽ പ്രോജക്ട് പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് സജ്ജീകരിക്കുന്നതിനായി ഫർണീച്ചർ വാങ്ങൽ, ലാബ് റീ ഏജന്റുകൾ വാങ്ങൽ, തുടങ്ങിയവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. താഴെ പറയുന്ന ഫർണീച്ചറുകൾ ആലപ്പി ഫർണിഷ്, മണ്ണാർക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ വകയിൽ ശ്രീ. ബൈജു രാജേന്ദ്രൻ എന്ന വ്യക്തിക്ക് 78000 രൂപ നൽകിയിട്ടുണ്ട്.

ഇൻവോയ്സ് നം.	ഇനം	നിരക്ക് (GST ഉൾപ്പെടെ)	എണ്ണം	തുക
503/28-03-23	ഓഫീസ് കബോർഡ്	16000	3	48000
504/28-03-23	3 Seater	7500	4	30000

പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ ക്വട്ടേഷൻ രേഖകൾ പരിശോധിച്ചതിൽ ആലപ്പി ഫർണിഷ് മണ്ണാർക്കാട്, ആലപ്പി ഫാഷൻ ഫർണിഷ് മണ്ണാർക്കാട്, ന്യൂ എ.എഫ് ഏജൻസീസ് മണ്ണാർക്കാട് എന്നീ

3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷനുകളിൽ താഴെ പറയുന്ന ഇനങ്ങൾക്കാണ് നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത്.

1. 4x2 Office Table
2. Counter Chair
3. S Chair
4. Pad Chair
5. Fibre Chair
6. Steel Table

പ്രസ്തുത ക്വട്ടേഷനുകളിൽ ഉൾപ്പെടാത്ത ഇനമാണ് മേൽ ബില്ല് പ്രകാരം വാങ്ങിയിട്ടുള്ളത്. വാങ്ങലിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരവും ലഭ്യമായി കാണുന്നില്ല.

2. ലാബിൽ റാക്ക് സെറ്റിംഗ്, കർട്ടൻ വർക്ക്, ഡോർ സെറ്റിംഗ്, പ്ലംബിംഗ് വർക്കുകൾ എന്നീ പ്രവൃത്തികൾ ചെയ്ത വകയിൽ ശ്രീ.സനോജ്, ഗ്ലോബൽ മെറ്റീരിയൽസ് , നാട്ടുകൽ എന്ന വ്യക്തിക്ക് 40045 രൂപ അനുവദിച്ചിട്ടുണ്ട് പ്രസ്തുത പ്രവൃത്തിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 23/31-10-23 ന് മറുപടി ലഭ്യമായില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നു

സി.ജി.എസ്.ടി ആക്ട്, 2017, കെ.ജി.എസ്.ടി ആക്ട്, 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയിൽ കൂടുതൽ കരാർ തുക വരുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ ബില്ലുകളിൽ നിന്നും 1% വീതം ജി.എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള താഴെ പറയുന്ന ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടുണ്ട്.

1) പ്രൊ.നം.96/23-ചാമപറമ്പ് കോളനി സൈഡ് കെട്ടൽ

അടങ്കൽ - 295000/- (SCP)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 05/25.4.22

എ.പി.എ.സി - 204111/-

കരാറുകാരൻ- ശ്രീ.കെ.ഹുസൈൻ

അളവു പുസ്തകം നം. 23/22-23

തൻവർഷത്തെ ചെലവ് - 204111/- (ബിൽ നം.27/16-03-2023)

ടി.ഡി.എസ് തുക – 3646/- രൂപ

2) പ്രൊ.നം.208/23-അണ്ണാൻതൊടി കല്ലറത്തോട് റോഡ് റീ കോൺക്രീറ്റിംഗ്

അടങ്കൽ - 169000/- (ജനറൽ -മെയിന്റനൻസ് ഫണ്ട് -റോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
എഗ്രിമെന്റ് നം. 50/16-2-23
എ.പി.എ.സി - 121428/-
കരാറുകാരൻ- ശ്രീ.അബ്ദുൾ ഗഫൂർ.കെ.
ഇ അളവു പുസ്തകം നം. 82857/2022 – 5 1 1
തൻവർഷത്തെ ചെലവ് - 121428 (ബിൽ നം.30/ 28-03-2023)-
ടി.ഡി.എസ് തുക – 2060/- രൂപ
3) പ്രൊ.നം.111/23-കറുത്തേനിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്
അടങ്കൽ - 251667/- (ജനറൽ -മെയിന്റനൻസ് ഫണ്ട് -റോഡ്)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
എഗ്രിമെന്റ് നം. 30/7-5-22
എ.പി.എ.സി - 159305/-
കരാറുകാരൻ- ശ്രീ.സൈഫുദ്ദീൻ
അളവു പുസ്തകം നം. 97/21-22
തൻവർഷത്തെ ചെലവ് - 159305/-
(ബിൽ നം.30/ 28-03-2023)
ടി.ഡി.എസ് തുക – 2060/- രൂപ
4) പ്രൊ.നം.268/23-പാറക്കല്ലിപ്പാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ
അടങ്കൽ - 300000/- (ജനറൽ) മെയിന്റനൻസ് ഫണ്ട്-റോഡ്
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
എഗ്രിമെന്റ് നം. 57/17-2-23
എ.പി.എ.സി - 183391/-
കരാറുകാരൻ- മുഹമ്മദാലി.കെ.
ഇ അളവു പുസ്തകം നം. 81522/2022 5 1 1
തൻവർഷത്തെ ചെലവ് - 193015/-(ബിൽ നം.36/28.3.23)
ടി.ഡി.എസ് തുക – 3272/- രൂപ

പ്രൈസ് സോഫ്റ്റ്വെയർ മുഖേനയും അല്ലാതെയും തയ്യാറാക്കിയിട്ടില്ലുള്ള ബില്ലുകളിൽ മേൽ സൂചിപ്പിച്ച പ്രകാരം ടി.ഡി.എസ് നടത്തിയിട്ടുണ്ട് ഇതിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 5/27-10-2023 നുള്ള മറുപടിയിൽ 2.5 ലക്ഷം രൂപയിൽ താഴെ കരാർതുകയുള്ള ബില്ലുകളിൽ നിന്നും ടി.ഡി.എസ് നിർബന്ധമായും ഒഴിവാക്കണമെന്ന് പറഞ്ഞിട്ടില്ലാത്ത തിനാലും പ്രൈസ് സോഫ്റ്റ്വെയറിൽ ടി.ഡി.എസ് ഒഴിവാക്കുന്നതിനുള്ള ഓപ്ഷൻ ഇല്ല എന്നും അറിയിച്ചിട്ടുണ്ട്.
നിയമപ്രകാരം ടി.ഡി.എസ് ഈടാക്കുന്നത് നിർബന്ധമല്ലാത്ത സാഹചര്യത്തിൽ 2.5 ലക്ഷം രൂപയിൽ താഴെ കരാർ തുകയ്ക്കുള്ള ബില്ലുകളിൽ നിന്നും ടി.ഡി.എസ് ഈടാക്കുന്നത് പുനപരിശോധിക്കാവുന്നതാണ്.

1-31 ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കുന്നില്ല

തൻവർഷം പൂർത്തീകരിച്ച വിവിധ ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ബാരൽ ഒന്നിന് 281 വീതം കണക്കാക്കി ആകെ 62101/- രൂപ അസി.എഞ്ചിനിയർ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ഹെഡ്-150120102) ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്താതെയാണ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആയതിൽ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.7/26-10-2023 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയ തുകകളുടെ സ്പ്ലിറ്റ്അപ് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നില്ലെന്നും തുടർന്ന് ജി.എസ്.ടി വേർതിരിച്ച് കാണിച്ചുകൊണ്ട് കണക്ക് നൽകാമെന്നും അറിയിച്ചിട്ടുണ്ട്.

കുറവു ചെയ്ത ജി.എസ്.ടി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ 2017 ലെ SGST/CGST നിയമം സെക്ഷൻ 51(6) പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഈടാക്കിയ നികുതി കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസി.എഞ്ചിനിയറുടെ പേരിൽ തച്ചനാട്ടുകര SBI ലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.37364602191) 6.6.2023 ന് 31673 രൂപ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതിരിക്കുന്നതിനുള്ള കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.(6/26-10-2023) ന് മറുപടിയായി ചെക്ക് നം.156404/30.10.23 മുഖേന 26673/- രൂപ തനത് ഫണ്ടിലേക്ക് അടച്ചതായ രേഖ ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമാകുന്ന തുക യഥാസമയം തനത് ഫണ്ടിലേക്ക് അടവാക്കുന്നതിനുള്ള നടപടപികൾ സ്വീകരിക്കേണ്ടതാണ്.

1-33 പ്രവർത്തി പൂർത്തീകരണം സമയം ദീർഘിപ്പിച്ചു നൽകൽ-പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച് സ.ഉ(പി)നം.13/2012/PWD തീയതി 1-2-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്

എന്നാൽ അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധ ഒരു കാരണവശാലും ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധ തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്ക് ദീർഘിപ്പിക്കാവുന്നതുമാണ്. 22-23 വർഷത്തിലെ മരാമത്ത് പ്രവൃത്തികളിൽ കരാർ കാലാവധി നിയമാനുസൃത ഫൈനോടു കൂടി ദീർഘിപ്പിച്ച നൽകിയിരിക്കുന്നത് കരാറുകാരന്റെ അപേക്ഷ, നിർവഹണ ഉദ്യോഗസ്ഥന്റെ ശുപാർശ, ഭരണ സമിതി തീരുമാനം എന്നിവ ഇല്ലാതെയാണ് എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ് പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. പ്രവൃത്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) പ്രോ.നം.102/22-23 പിലാത്തറ മനയംപറ്റ റോഡ് റീ ടാറിംഗ്

അടങ്കൽ - 260000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)

കരാറുകാരൻ- എം.ഹസ്സൻ

ബിൽ നം. 22/20.1.23- 253256/-

2) പ്രോ.നം.54/22-23- കൊങ്ങത്ത കോളനി റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ - 450000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)

കരാറുകാരൻ - സെയ്ഫുദ്ദീൻ

ബിൽ നം./തുക- 19/22-23/17.1.23- 276248/-

3) പ്രോ.നം.104/22-23- പൂവത്താണി അങ്ങാടിക്കുളം റോഡ് റീ ടാറിംഗും സൈഡ് കെട്ടലും

അടങ്കൽ - 350000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)

കരാറുകാരൻ - എം.ഹസ്സൻ

ബിൽ നം./തുക- 21/22-23/20.1.23- 349802/-

4) പ്രോ.നം.109/22-23- തള്ളച്ചിറ മണലുംപുറം റോഡ് റീ ടാറിംഗ് രണ്ടാം ഘട്ടം

അടങ്കൽ - 300000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)

കരാറുകാരൻ - എം.ഹസ്സൻ

ബിൽ നം./തുക- 17/22-23/13.1.23- 262784/-

5) പ്രോ.നം.62/22-23- നാട്ടുകൽ കൃഷിഭവൻ മെയിന്റനൻസ്

അടങ്കൽ - 300000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)

കരാറുകാരൻ - എം.ഹസ്സൻ

ബിൽ നം./തുക- 50/22-23/31.1.23- 72567/-

6) പ്രോ.നം.65/22-23/ ചെത്തല്ലൂർ കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം

അടങ്കൽ - 100000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

കരാറുകാരൻ - അബ്ദുൾ ഗഫൂർ.കെ.

ബിൽ നം./തുക- 42/22-23/28.3.23- 86247/-

7) പ്രോ.നം.112/22-23/ -53 മൈൽ കുന്നുംപുറം റോഡ് റീ ടാറിംഗ് - രണ്ടാം ഘട്ടം

അടങ്കൽ - 290000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്)

കരാറുകാരൻ - എം.ഹസ്സൻ

ബിൽ നം./തുക- 15/22-23/13.1.23- 289424/-

8) പ്രോ.നം.80/22-23/ -മദ്രസ്സ പുതുക്കുഴി റോഡ് റീടാറിംഗ്

അടങ്കൽ - 300000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡ്)

കരാറുകാരൻ - കെ.മുഹമ്മദാലി

ബിൽ നം./തുക- 29/22-23/23.3.23- 300000/-

9) പ്രോ.നം.96/22-23/ -ചാമപറമ്പ് കോളനി സൈഡ് കെട്ടൽ

അടങ്കൽ - 295000/- (എസ്.സി.പി)

കരാറുകാരൻ - കെ.ഹുസൈൻ

ബിൽ നം./തുക- 27/22-23/16.3.23- 204111/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22(1) /31.10.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ കേരള പൊതു മരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-34 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-23 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തത് 2918 കുടുംബങ്ങളാണ്. എല്ലാവർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 385 പദ്ധതികളിൽ 204 എണ്ണം നടപ്പാക്കി. ഇതിൽ 54 പദ്ധതികളാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ പ്രവൃത്തികൾ 54 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

പ്രവൃത്തി ഉൾപ്പെടുന്ന വിഭാഗം	നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം
പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം	57
വെള്ളപ്പൊക്ക നിവാരണം	2
പട്ടിക ജാതിക്കാരുടെ ഭൂമിയിൽ ജലസംരക്ഷണം, ഭൂ വികസനം	17
വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ	1
ഫാം പോണ്ട് നിർമ്മാണം	4
തീറ്റപ്പുല്ല് കൃഷി വികസനം	31
കിണർ നിർമ്മാണം	22

അസോള ടാങ്ക്	1
കംപോസ്റ്റ് പിറ്റ് നിർമ്മാണം	5
സോക്പിറ്റ് നിർമ്മാണം	4
കിണർ റീചാർജ്	3
കാലിതൊഴുത്ത് നിർമ്മാണം	12
ആട്ടിൻകൂട് നിർമ്മാണം	6
കോഴിക്കൂട് നിർമ്മാണം	3
റോഡ് നിർമ്മാണം	17
ഭവന നിർമ്മാണം	19
ആകെ	204

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പരമാവധി നടപ്പിലാക്കുന്നതിനും തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2022-23	20-10-2023 മുതൽ 31-10-2023 വരെ	ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്	2020-21	43420	ലൈഫ് മിഷൻ	0	43420
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്	2020-21	105000	പ്രവാസി ചിക്കൻ ഫാം	0	105000
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്	2020-21	60478	പെയിൻ ആന്റ് പാലിയേറ്റീവ് പ്രോഗ്രാം	0	60478
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്	2020-21	153000	ഒ.ഡി.എഫ് ബ്ലോക്ക് ഷെയർ	0	153000
	ആകെ	361898	ആകെ	0	361898
	2022-23	356508	126/23, നെൽകൃഷിക്ക് കൂലിചെലവ് നൽകൽ	356508	0
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്	2022-23	300000	21/23, പെയിൻ ആന്റ് പാലിയേറ്റീവ്	300000	0
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്	2022-23	1990000	42/23, ലൈഫ് മിഷൻ എസ്.സി.	1990000	0
മണ്ണാർക്കാട് ബ്ലോക്ക്	2022-23	170000	143/22, ഭിന്നശേഷി	170000	0

പഞ്ചായത്ത്			വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്		
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്	2022-23	240185	238/23, കാലിത്തീറ്റ സബ്സിഡി	240185	0
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്	2022-23	200000	237/23, പാലിന് സബ്സിഡി (മിൽക്ക് ഇൻസെന്റീവ്)	200000	0
പാലക്കാട് ജില്ലാ പഞ്ചായത്ത്	2022-23	151041	126/23, നെൽകൃഷിക്ക് കൂലിചെലവ് നൽകൽ	151041	o
പാലക്കാട് ജില്ലാ പഞ്ചായത്ത്	2022-23	450000	137/23 വനിതകൾക്ക് പശു വളർത്തൽ ജനറൽ	450000	
പാലക്കാട് ജില്ലാ പഞ്ചായത്ത്	2022-23	185000	137/23 വനിതകൾക്ക് ആട് വളർത്തൽ ജനറൽ	185000	o
പാലക്കാട് ജില്ലാ പഞ്ചായത്ത്	2022-23	100000	237/23, പാലിന് സബ്സിഡി (മിൽക്ക് ഇൻസെന്റീവ്)	100000	0
പാലക്കാട് ജില്ലാ പഞ്ചായത്ത്	2022-23	2620000	42/23, ലൈഫ് മിഷൻ എസ്.സി.	2620000	0
പാലക്കാട് ജില്ലാ പഞ്ചായത്ത്	2022-23	70000	143/22, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	70000	0
പാലക്കാട് ജില്ലാ പഞ്ചായത്ത്	2022-23	30000	വിവരം ലഭ്യമല്ല	0	30000

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ചെക്ക് നമ്പർ	ഡെപ്പോസിറ്റ് തുക	ബാക്കി
KSEB	168/23-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	1)₹.124449 ബിൽ നം 23/10.1.23 2)₹.53437 ബിൽ നം 27/20.1.23 3)₹.12117 ബിൽ നം 30/20.1.23	₹.190003	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല
KWA	165/23-പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകൽ	1)₹.233322 ബിൽ നം 31/16.3.23	₹.233322	

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 12680000 വരവുണ്ട് മുൻവർഷങ്ങളിലെടുത്ത ലോണിൽ 13192355രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക രുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	-	12680000	13192355	3932246	-	21940109

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	തുക (₹)	രസീതി നം. / തിയതി	തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും
2020-21	എൻകപയറി നം 11/20-21	4,660*	1220101358/5-8-2022	അസി.എഞ്ചിനിയർ

* വാർഷിക കണക്കിൽ 49519 രൂപ (രശീതി നം 122000215/14-12-2022)ഓഡിറ്റ് റിക്കവറിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ശമ്പള പരിഷ്ക്കരണത്തിൽ അധികമായി കിട്ടിയ തുക കെ.എസ്.എ . ടി.വി.എം/പി1-2238/2019,തിയതി 13-1-2020ലെ നിർദ്ദേശപ്രകാരം ശ്രീ.സതീഷ് കുമാർ എന്നയാൾ തിരിച്ചടച്ചതാണ് ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ ഇത് ഓഡിറ്റ് റിക്കവറിയായി ചേർത്തിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഒന്നുമില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	തുക (രൂപ)
മുന്നിരിപ്പ്	11940178
ഓഡിറ്റ് വർഷത്തെ വരവ്	54739563
ആകെ	66679741
ഓഡിറ്റ് വർഷത്തെ ചെലവ്	43444225
നീക്കിയിരിപ്പ്	23235516
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3800/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	3800	പ്രശാന്ത്കുമാർ.എൻ. അസി.സെക്രട്ടറി
ആകെ	3800	

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽ വിലാസം
പ്രശാന്ത്കുമാർ.എൻ. അസി.സെക്രട്ടറി	റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട	പ്രദീപ് നിവാസ്, കൊടുമൺ പി.ഒ. പത്തനംതിട്ട

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1996-97	L.F.P-(9)/1334/07/28.7.08	എല്ലാഖണ്ഡികകളും.
1997-98	L.F.P-(9)/1335/07/28.7.08	എല്ലാഖണ്ഡികകളും.
1998-99	L.F.P-(9)/1336/07/28.7.08	എല്ലാഖണ്ഡികകളും.
1999-00	L.F.P-(9)/1337/07/28.7.08	എല്ലാഖണ്ഡികകളും.
2000-01	L.F.P-(9)/1338/07/28.7.08	എല്ലാഖണ്ഡികകളും.
2001-02	L.F.P-(9)/1339/07/28.7.08	എല്ലാഖണ്ഡികകളും.
2002-03	L.F.P-(9)/427/09/7.12.09	എല്ലാഖണ്ഡികകളും.
2003-04	L.F.P-(9)/428/09/7.12.09	എല്ലാഖണ്ഡികകളും.
2004-05	L.F.P-(9)/429/09/7.12.09	എല്ലാഖണ്ഡികകളും.
2005-06	L.F.P-(9)/430/09/7.12.09	എല്ലാഖണ്ഡികകളും.
2006-07	L.F.P-(9)/431/09/7.12.09	എല്ലാഖണ്ഡികകളും.
2007-08	L.F.P-(9)/1971/11/16.12.11	എല്ലാഖണ്ഡികകളും.
2008-09	L.F.P-(9)1972/11/16.12.11	എല്ലാഖണ്ഡികകളും.
2009-10	L.F.P-(9)/1973/11/16.12.11	എല്ലാഖണ്ഡികകളും.
2010-11	L.F.P-(9)/1350/13/16.12.13	എല്ലാഖണ്ഡികകളും.
2011-12	L.F.P-(9)/2258/14/24.3.15	എല്ലാഖണ്ഡികകളും.
2012-13	KSA-PKD 9/1114/15/Dt.5.10.2015	എല്ലാഖണ്ഡികകളും.
2013-14	KSA-PKD 9/1417/2016 Dt.9.8.2017	എല്ലാഖണ്ഡികകളും.
2014-15	KSA-PKD 9/1417/2016 Dt.9.8.2017	എല്ലാഖണ്ഡികകളും.
2015-16	KSA-PKD 9/120/2017Dt.31.1.2017	എല്ലാഖണ്ഡികകളും.
2016-17	KSA-PKD 9/1744/2017 Dt. 08.11.2017.	എല്ലാഖണ്ഡികകളും.
2017-18	KSA-PKD 9/470/2019/20-06-2019	എല്ലാഖണ്ഡികകളും.
2018-19	KSA-PKD 9/470/2019/20-06-2019	9
2019-20	KSA-PKD 9/1234/2022/30-07-2022.	ഓഡിറ്റ് റിപ്പോർട്ട്

2020-21	KSA.PKD(9)/1235/22 /30-7-2022	ഓഡിറ്റ് റിപ്പോർട്ട്
2021-22	KSA.PKD(9)/395/23 /18-4-23	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 (1) dated 1 (1) dated 26-07-2023 and submitted on 10-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thachanattukara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thachanattukara Grama Panchayat for the year 2022-2023

Date: 06/12/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thachanattukara Grama Panchayat for the Year 2022-2023.

1.Major Observations

-

2.Other Observations

1. Basic ratios and notes to accounts as per KPR(Accounts) Rules 2011 are not submitted to audit.
2.Closing balance under the head advance to implementing officers in advance register and AFS do not match.
3. Closing balance of CFC in RP 40(b) and B4 do not match

4. Loan register is not maintained.

5.Monthly and annual reconciliation not done in MGNREGS cash book

6.Demand entries in respect of accrual based income is not done in time. eg. Property Tax

7. Net cash generated by Investing+Financing+Operating activities does not match with the difference between the opening balance and closing balance of cash and cash equivalents.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annex-3
വരവ് ചെലവ് പത്രിക സംക്ഷിപ്തം

Thachanattukara Grama Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	4948697.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	6000.00
140000000	Fee & User Charges	I-4	886476.00
150000000	Sale & Hire Charges	I-5	792627.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	131673354.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	215437.00
180000000	Other Income	I-9	54179.00
190000000	Prior Period Income	I-19	130954.00
	Total Income		**138576770.00**
	EXPENDITURE		
210000000	Establishment Expenses	I-10	10462314.00
220000000	Administrative Expenses	I-11	1130956.00
230000000	Operations & Maintenance	I-12	2637302.00
240000000	Interest & Finance Charges	I-13	18674.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	8392788.00
251000000	Decentralised Plan Programme-Service Sector	I-14(A)	31180583.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	14579584.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	23352039.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	38003600.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	793875.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0

270000000	Provisions and Write off	I-16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	8533650.00
	Total Expenditure		**139085365.00**
	Gross Surplus / Deficit of income over Expenditure		**-508595.00**
	Gross Surplus / Deficit of income over Expenditure		**-637242.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	-2307.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		**128647.00**

Thachanattukara Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	11940148.00
Cash	Cash	RP-40(a)	30.00
	Operating		
110000000	Tax Revenue	RP-1	957660.00
130000000	Rental income from Panchayat Properties	RP-3	6000.00
140000000	Fees & User Charges	RP-4	668212.00
150000000	Sale & Hire Charges	RP-5	792627.00
151000000	Receipts from Transferred Institutions	RP-6	0.0
160000000	Revenue Grants, Funds, Contributions & Compensations	RP-7	13650000.00
171000000	Interest Earned	RP-9	215437.00
190000000	Prior Period Income	RP-11	41360.00
290000000	Transfer to Reserve Funds / Prior Period Item(ILGMS)	RP-25	2307.00
320000000	Grants, Funds & Contributions for Specific Purposes	RP-30	14179232.00
431000000	Sundry Debtors (Receivables)	RP-45	10141234.00
460000000	Loans, Advances and Deposits	RP-49	692000.00
	Non Operating		
180000000	Other Income	RP-10	54179.00
330000000	Secured Loans	RP-31	12680000.00
340000000	Deposits Received	RP-33	94825.00
350000000	Other Liabilities	RP-35	564490.00
	Grand total		**66679741.00**
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	1050.00
320000000	Grants, Funds & Contributions for Specific	RP-30	792000.00

	Purposes		
431000000	Sundry Debtors (Receivables)	RP-45	3313088.00
460000000	Loans, Advances and Deposits	RP-49	86000.00
	Non Operating		
340000000	Deposits Received	RP-33	145225.00
350000000	Other Liabilities	RP-35	39106862.00

	Closing Balance		
Bank	Bank	RP-40(b)	23099592.00
Cash	Cash	RP-40(b)	135924.00
	Grand Total		**66679741.00**

Thachanattukara Grama Panchayat BALANCE SHEET			
as on 31-March-2023			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	-23509102.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	0.0
312000000	Reserves	B-3	104551045.00
	Total Reserve & Surplus		**81041943.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	13095325.00
	Total Grants, Contributions for Specific Purposes		**13095325.00**
	Loans		
330000000	Secured Loans	B-5	21940109.00
331000000	Unsecured Loans	B-6	0.0
	Total Loans		**21940109.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	504380.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	1440964.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**1945344.00**
	TOTAL LIABILITIES		**118022721.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	962781.00
412000000	Capital Work in Progress	B-11(b)	386118.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	4744591.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	17152789.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	102148610.00
416000000	Accumulated Depreciation	B-11(a)	-59711263.00
	Total Fixed Assets		**65683626.00**
	Investments		

420000000	Investments-General Fund	B-12	0.0
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**0.0**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	4234695.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	20810109.00
450000000	Cash and Bank Balance	B-17	23235516.00
460000000	Loans, Advances and Deposits	B-18	4058775.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**52339095.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**118022721.00**

ഡെപ്യൂട്ടി ഡയറക്ടർ